**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 99** **27-01-2026 - ൽ മറുപടിയ്ക്ക്**

**പ്രവാസികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തുന്ന പ്രവാസികളുടെ ക്ഷേമത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തുന്നവരുടെ പുനരധിവാസത്തിനും ക്ഷേമത്തിനും വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്:<br><br>**NDPREM പദ്ധതി:** മടങ്ങിയെത്തിയ പ്രവാസികൾക്ക് നാട്ടിൽ സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണിത്. നോർക്ക റൂട്ട്സുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ബാങ്കുകൾ /ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാകുന്ന സംരംഭകർക്ക് 15% മൂലധന സബ്സിഡി (പരമാവധി 3 ലക്ഷം രൂപയും), 30 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയും അനുവദിക്കുന്നു.<br><br>**പ്രവാസി ഭദ്രത:** കോവിഡ് കാലയളവിൽ തിരിച്ചെത്തിയവർക്കായി കേരള ബാങ്ക്, KSFE എന്നിവ മുഖേന 'പ്രവാസി ഭദ്രത' (മൈക്രോ) പദ്ധതിയും (5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 25% മൂലധന സബ്സിഡി പരമാവധി 1 ലക്ഷം രൂപയും 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയും അനുവദിക്കുന്നു) കുടുംബശ്രീ വഴി 2 ലക്ഷം രൂപ വരെയുള്ള വായ്പ പലിശ രഹിതമായി അനുവദിക്കുന്ന 'പ്രവാസി ഭദ്രത പേൾ' പദ്ധതിയും വ്യവസായ സംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി മുഖാന്തിരം പ്രവാസി ഭദ്രതാ - മെഗാ (ഒരാൾക്ക് പരമാവധി 2 കോടി രൂപ വരെ വായ്പയും അതിൽ പരമാവധി 3.5% പലിശ സബ്സിഡിയും നൽകുന്നു) പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br><br>**നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (NBFC):** കേരളത്തിൽ നിക്ഷേപം നടത്തുന്നതിനും, |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾ ആരംഭിക്കുന്നതിനും താല്പര്യമുള്ള പ്രവാസി സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിനുള്ള സംവിധാനമാണിത്.<br><br>**NORKA NAME (NORKA ASSISTED AND MOBILZED EMPLOYMENT) പദ്ധതി:**<br>മടങ്ങിയെത്തിയ പ്രവാസികളുടെ തൊഴിൽ നൈപുണ്യം ഉപയോഗപ്പെടുത്തി കേരളത്തിലുള്ള തൊഴിൽ സ്ഥാപനങ്ങളിൽ അനുയോജ്യമായ തൊഴിൽ ലഭ്യമാക്കാൻ സഹായിക്കുന്ന പുതിയ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം തൊഴിൽ നൽകുന്ന തൊഴിൽ ഉടമകൾക്ക് വേജ് കോമ്പൻസേഷൻ അനുവദിക്കുന്നു.<br><br>**പ്രവാസി മിഷൻ:** മടങ്ങിയെത്തിയ പ്രവാസികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനും അവരുടെ പുനരധിവാസത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തി സംരംഭകത്വം പ്രോത്സാഹിപ്പിച്ച് അവർക്ക് നാട്ടിൽ മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവാസി മിഷൻ ആരംഭിച്ചു. |
| (ബി) | എങ്കിൽ ഇത്തരത്തിൽ കഴിഞ്ഞ പത്ത് വർഷക്കാലം ആരംഭിച്ച പദ്ധതികൾ എന്തെല്ലാമാണെന്നും ഇതുവരെ എത്രപേർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികളും അവയുടെ പുരോഗതിയും താഴെ നൽകുന്നു:<br><br>**പ്രവാസി ഭദ്രത (മൈക്രോ) & പ്രവാസി പേൾ (2020-21 മുതൽ):** കോവിഡ് പ്രതിസന്ധിയിൽ മടങ്ങിയെത്തിയവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പയും സബ്സിഡിയും നൽകുന്ന പദ്ധതികൾ 13906-**ലധികം** പേർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.<br><br>**NBFC (2019-20 മുതൽ):** പ്രവാസി സംരംഭകർക്ക് ലൈസൻസിംഗിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും സഹായം നൽകുന്ന ഈ സെന്റർ വഴി ഇതുവരെ ഏകദേശം **6000-ത്തിലധികം** പേർക്ക് സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br><br>**NORKA NAME (2024-25 മുതൽ):** വിദേശത്ത് കുറഞ്ഞത് രണ്ട് വർഷമെങ്കിലും പ്രവൃത്തിപരിചയമുള്ള പ്രവാസികളെ കേരളത്തിലെ വിവിധ തൊഴിൽ മേഖലകളുമായി ബന്ധിപ്പിക്കുന്ന പദ്ധതിയാണിത്. |
| (സി) | പദ്ധതി വേഗത്തിൽ നടപ്പിലാക്കി കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ | (സി) | പ്രവാസികൾക്ക് പദ്ധതികളുടെ ഗുണഫലം വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടികൾ |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | സ്വീകരിച്ചിട്ടുണ്ട്. ബാങ്ക് നടപടിക്രമങ്ങളുടെ സങ്കീർണത, അവബോധത്തിന്റെ കുറവ്, പ്രോജക്ട് പിന്തുണാ സംവിധാനങ്ങളുടെ അഭാവം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അപേക്ഷകരെ പിന്തുണയ്ക്കുന്നതിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റുമായി (CMD) ചേർന്ന് സംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ നൽകി വരുന്നു. പദ്ധതികൾ എല്ലാം പൂർണ്ണമായും ഉപഭോക്തൃ സൗഹൃദപരമായും സുഗമമായും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ